**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** | **04-08-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഇരുന്നൂറ്റി പന്ത്രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതിനെത്തുടർന്ന് ഇതുവരെ നടപ്പാക്കിയ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 212 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എൻ.എച്ച്.എം മുഖേന നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി ടെക്നീഷ്യന്മാരുടെ തസ്തികകൾ നിലവിലില്ലാത്തത് കാരണം കോവിഡ് അനുബന്ധ പരിശോധനകളും മറ്റും ഇപ്പോൾ ചെയ്യുവാൻ സാധിക്കുന്നില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ G.O (MS) No.75/2017/H&FW തീയതി. 12/05/2017 പ്രകാരം ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് - 2 മാരുടെ 170 തസ്തികകളാണ് സൃഷ്ടിച്ചത്. ആർദ്രം രണ്ടാം ഘട്ടത്തിൽ സ.ഉ (കൈ) നം. 98/2019/ആകുവ തീയതി. 05/07/2019 പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II 200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവയിൽ പി.എസ്.സി/ എൻ.എച്ച്.എം/കരാർ അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ വഴി താല്ക്കാലികമായി കരാർ അടിസ്ഥാനത്തിലും നിയമിച്ച് സേവനം നൽകി വരുന്നുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് ലാബ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കുന്നതാണ്. |
| (സി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ വിവിധ വിഭാഗങ്ങളിലായി ആയിരത്തി ഇരുന്നൂറ് തസ്തികകൾ പുതിയതായി സൃഷ്ടിക്കുവാൻ ഉത്തരവുണ്ടായെങ്കിലും നാളിതുവരെ വിവിധ വിഭാഗങ്ങളിൽ എത്ര തസ്തികകൾ വേർതിരിച്ച് | (സി) | ആരോഗ്യ വകുപ്പിന് തത്വത്തിൽ അനുവദിച്ചു നൽകിയ 1200 തസ്തികകളിൽ 300 തസ്തികകൾ 03.08.2021 ലെ സ.ഉ(കൈ) നം. 143/2021/ ആ.കു.വ പ്രകാരം ഒന്നാം ഘട്ടമായി താഴെ പറയുന്ന വിവധ വിഭാഗങ്ങളിലായി സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ? | | സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 204 ഫാർമസിസ്റ്റ് ഗ്രേഡ് II - 52 ലോവർ ഡിവിഷൻ ക്ലർക്ക്- 42 ഓഫീസ് അറ്റൻഡന്റ് - 2 |

സെക്ഷൻ ഓഫീസർ